**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4298** **06-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാര തുക ലഭിക്കാത്തത് കൊണ്ടാണോ ജീവനക്കാരുടെ ഡി.എ കുടിശിക നൽകുന്നതിന് കാലതാമസം നേരിടുന്നതെന്ന് വിശദമാക്കാമോ; | (എ) | മഹാപ്രളയമടക്കം പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികളിൽ നിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്കതീതമായ നിരവധി ഘടകങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളും ഉണ്ടായി. ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാര വിഹിതം 2022 ജൂലൈ മാസത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയതും സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ പരിതാപകരമാകാൻ കാരണമായി. ഇതിനു പുറമേ സംസ്ഥാനത്തിന് അനുവദിച്ചു വരുന്ന കേന്ദ്ര വിഹിതത്തിലും തുടർച്ചയായി കുറവ് രേഖപ്പെടുത്തുന്നു. സംസ്ഥാനങ്ങൾക്കിടയിൽ വീതം വയ്ക്കാനുള്ള കേന്ദ്രനികുതി വിഹിതം (ഡിവിസിബിൾ പൂൾ) പത്താം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 3.87 ശതമാനമായിരുന്നത് ചുരുങ്ങി വരികയും പതിനാലാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 2.5 ശതമാനവും പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ ഇത് 1.925 ശതമാനവുമായി കുറച്ച നടപടി സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവു വരുത്തി. കേന്ദ്ര സർക്കാർ സെസ്സിലും സർചാർജ് ഇനത്തിലും കൂടി പിരിച്ചെടുക്കുന്ന തുക സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകുന്നതേയില്ല. ഇപ്രകാരം കേന്ദ്രം പിരിച്ചെടുക്കുന്ന സെസും സർചാർജും നികുതിവിഹിതം പങ്കു വയ്ക്കുന്ന മാതൃകയിൽ ഓരോ സംസ്ഥാനത്തിനുമായി വീതിച്ചു നൽകേണ്ടതാണ്. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു |

വരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിനു പുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം തന്നെ കൈക്കൊണ്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഇത്തരം നിലപാടുകൾ സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് കനത്ത ആഘാതം ഏൽപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക, സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ പങ്കിടുന്ന ജി.എസ്.ടി യുടെ വരുമാനം നിലവിലെ 50:50 അനുപാതത്തിൽ നിന്ന് 60:40 അനുപാതത്തിലേക്ക് വർദ്ധിപ്പിക്കുക, അസാധാരണമാം വിധം ഈടാക്കുന്ന ഉയർന്ന സെസുകളും സർചാർജുകളും നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡം സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കാൻ അനുവാദം നൽകുക, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തുക, ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്നത് പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കുക എന്നീ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് സംസ്ഥാനം നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക എന്നതുപോലുള്ള പൊതുവായ ആവശ്യങ്ങളിൽ മറ്റു സംസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഇടപെടലുകൾ നടത്താറുണ്ട്. മേൽ പ്രതിപാദിത പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട്

| | | | |
|---|---|---|---|
| | | | 22.07.2022-ലെ 134/2022/എം.ധന നമ്പർ പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് ഒരു കത്തും 19.01.2023 ലെ 133/CM/2023 നമ്പർ പ്രകാരം മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്ക് ഒരു നിവേദനം ഉൾപ്പെടുന്ന കത്തും സമർപ്പിച്ചിട്ടുമുണ്ട്. ഈ പ്രതിസന്ധികൾക്കിടയിലും നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുവാൻ ഊർജ്ജിതശ്രമങ്ങൾ കൈക്കൊണ്ടും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും വികസന ക്ഷേമപദ്ധതികളുടെ നിർവ്വഹണത്തിൽ കുറവ് വരുത്താതെയും ജീവനക്കാർക്ക് ഡി.എ. അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | ജി.എസ്.ടി ഉൾപ്പടെയുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിന് ആവശ്യമായ ഡോക്യുമെന്റുകൾ കേന്ദ്ര സർക്കാരിന് എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | ജി.എസ്.ടി. നിലവിൽ വന്നപ്പോൾ, ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്തു 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചു വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്ന പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽകാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും, എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിന് ശേഷം നഷ്ടപരിഹാരതുക അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. ടി. നിയമപ്രകാരം ഫൈനൽ അക്കൗണ്ട് Comptroller and Auditor General സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്കാണ് കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. എന്നാൽ ജി.എസ്.ടി കോമ്പൻസേഷൻ പ്രൊവിഷണലായി ലഭിക്കുന്നതിന് ഇത് തടസ്സമായിട്ടില്ല. ഇതിനു വേണ്ടി അക്കൗണ്ടന്റ് ജനറൽ ഓഫീസ് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ 2017-18 ജൂലൈ മുതൽ 2020-21 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന് 13.02.2023 ൽ ആണ് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വകുപ്പിന്റെ നിരീക്ഷണങ്ങൾ അക്കൗണ്ടന്റ് ജനറൽ ഓഫീസിന് 24.02.2023 ൽ അറിയിച്ചിട്ടുണ്ട്. |
| (സി) | ധനവകുപ്പിൽ നിന്നും ഏതെങ്കിലും ഉന്നത | (സി) | സംസ്ഥാനത്തിന് ലഭ്യമാകേണ്ട ജി.എസ്.ടി |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥർ നഷ്ടപരിഹാരം ലഭിക്കുവാനായി കേന്ദ്ര ധന മന്ത്രാലയത്തിൽ പോയിരുന്നോ; എങ്കിൽ എന്ത് മറുപടി ലഭിച്ചു; വിശദമാക്കാമോ? | | നഷ്ടപരിഹാരം ലഭ്യമാക്കണമെന്ന് സംസ്ഥാനം ജി.എസ്.ടി കൗൺസിൽ യോഗങ്ങളിൽ നിരന്തരം അഭ്യർത്ഥിക്കുകയും കത്തുകൾ മുഖേനയും നേരിട്ടും സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്ര മന്ത്രാലയത്തെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ധനകാര്യ മന്ത്രിയുടെ കേന്ദ്ര മന്ത്രാലയ സന്ദർശന വേളകളിൽ, ചില സന്ദർഭങ്ങളിൽ സംസ്ഥാന ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി ഇതിനായി കേന്ദ്ര ധനവകുപ്പിലെ ഉദ്യോഗസ്ഥരെ ബന്ധപ്പെടാറുമുണ്ട്. സംസ്ഥാനത്തിന്റെ നിരന്തരമായ ഇടപെടലുകളുടെ ഭാഗമായി 2022 ജൂലൈ മാസം വരെയുള്ള ജി.എസ്.ടി നഷ്ടപരിഹാര കുടിശ്ശിക നേടിയെടുക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ